## തിരുവനന്തപുരം സിറ്റി പോലീസ്

### പത്രക്കുറിപ്പ്

# നിരവധി മോഷണകേസുകളിലെ പ്രതി പിടിയിൽ

# ഒന്നര കിലോ ഗഞ്ചാവുമായി ഇരട്ട സഹോദരങ്ങൾ  പിടിയിൽ

**കോവിഡ്-19**

**പൗഡിക്കോണം, തുരുത്താമൂല, വഞ്ചിയൂർ,  വാർഡുകളിലെ പുതിയ കണ്ടയിൻമെന്റ് സോണകളായ പ്രദേശങ്ങൾ  അടച്ചു.**

**വിലക്ക് ലംഘനം: 28 പേർക്കെതിരെ കേസ്.**

തിരുവനന്തപുരം:- പേരൂർക്കട ഭാഗങ്ങളിൽ  പകൽ സമയങ്ങളിൽ അടഞ്ഞു കിടക്കുന്ന വീടുകൾ, കടകൾ, അതിഥി തൊഴിലാളികളുടെ വീടുകൾ  തുടങ്ങിയവ കേന്ദ്രീകരിച്ച് മോഷണം നടത്തുന്ന മോഷ്ടാവ് പപ്പാ ജോയി പിടിയിലായതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. കൂടാതെ ഒന്നര കിലോ ഗഞ്ചാവുമായി ഇരട്ട സഹോദരങ്ങളായ കൃഷ്ണകാന്ത്, ശ്രീരാം, എന്നിവരെ പൂജപ്പുര പോലീസ് പിടികൂടിയതായും കമ്മീഷണർ അറിയിച്ചു.  അതേസമയം തലസ്ഥാനത്ത് പുതുതായി മൈക്രോ കണ്ടയിൻമെന്റ് സോണകളായി പ്രഖ്യാപിച്ച  പൗഡിക്കോണം, തുരുത്താമൂല, വഞ്ചിയൂർ,  വാർഡുകളിലെ പ്രദേശങ്ങളിലേക്ക് കടന്നുവരുന്ന  റോഡുകൾ  അടച്ച് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. കോവിഡ് -19  സുരക്ഷാ നിരീക്ഷണത്തിന്റെ ഭാഗമായി  സിറ്റി പോലീസ് ഇന്നലെ (26-09-2020) നടത്തിയ പരിശോധനയിൽ വിലക്ക് ലംഘനം നടത്തിയ 28 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരം കേസെടുത്തു. മാസ്ക് ധരിക്കാത്ത 146 പേരിൽ നിന്നും,

സാമൂഹിക അകലം പാലിക്കാത്ത 4 പേരിൽ നിന്നുമായി 30,000/- രൂപ പിഴ ഈടാക്കുകയും ചെയ്തു.

## നിരവധി മോഷണകേസുകളിലെ പ്രതി പിടിയിൽ

പേരൂർക്കട ഭാഗങ്ങളിൽ പകൽ സമയങ്ങളിൽ അടഞ്ഞു കിടക്കുന്ന വീടുകൾ, കടകൾ, അതിഥി തൊഴിലാളികളുടെ വീടുകൾ തുടങ്ങിയവ കേന്ദ്രീകരിച്ചു മോഷണം നടത്തുന്ന മോഷ്ടാവ് പപ്പാ ജോയിയാണ് പേരൂർക്കട പോലീസിന്റെ പിടിയിലായത്. കുടപ്പനക്കുന്ന്, ഇരപ്പുകുഴി, ഇ. ആർ. എ-54 കോളനിയിൽ ലക്ഷം വീട്ടിൽ പപ്പാ ജോയി എന്ന വിളിപ്പേരുള്ള ജോയിയെ (48) ആണ് പേരൂർക്കട പോലീസ് അറസ്റ്റ് ചെയ്തത്. കവടിയാർ അർ.പി ലൈനിൽ താമസിക്കുന്ന റിട്ടയേർഡ് പോലീസ് ഉദ്യോഗസ്ഥന്റെ വീട്ടിൽ നടന്ന മോഷണക്കേസുമായി ബന്ധപ്പെട്ട നടത്തിയ അന്വേഷണത്തിലാണ് പപ്പാ ജോയി പിടിയിലായത്. പ്രതിക്കെതിരെ ഇത്തരത്തിലുള്ള നിരവധി കേസുകൾ പേരൂർക്കട പോലീസ് സ്റ്റേഷനിൽ നിലവിലുണ്ട്. പകൽ സമയങ്ങളിൽ കറങ്ങി നടന്ന് ആളില്ലാത്ത വീടുകൾ നോക്കിയാണ് ഇയാൾ മോഷണം നടത്തുന്നത്. മോഷണത്തിലൂടെ ലഭിക്കുന്ന പണം മദ്യപാനത്തിനു വേണ്ടിയാണ് ഉപയോഗിക്കുന്നത്. പേരൂർക്കട പോലീസ് എസ്. എച്ച്. ഒ സൈജുനാഥ്, എസ്.ഐമാരായ സുനിൽ കുമാർ, സഞ്ജു ജോസഫ്, ഷിബു, സി.പി.ഒ മാരായ രജ്ഞിത്ത്, ഹരി, പ്രമോദ് എന്നിവരാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്.



പേരൂർക്കട പോലീസ് അറസ്റ്റ് ചെയ്ത
ജോയി @ പപ്പാ ജോയി (48)

## ഒന്നര കിലോ ഗഞ്ചാവുമായി ഇരട്ട സഹോദരങ്ങൾ പിടിയിൽ

പൂജപ്പുര പോലീസ് സ്റ്റേഷൻ പരിധിയിൽ പാങ്ങോട് വാർഡിൽ, കട്ടച്ചൽ റോഡിൽ കല്ലായി ലയിനിൽ ഗഞ്ചാവു വിൽപ്പനക്കായി നിന്നിരുന്ന ഇരട്ടകൾ പൂജപ്പുര പോലീസിന്റെ പിടിയിലായി. ശാസ്തമംഗലം വില്ലേജിൽ കട്ടച്ചൽ റോഡിൽ പെരിയാർ ലയിനിൽ താമസം കൃഷ്ണകാന്ത്, വയസ്സ് -22, ശ്രീറാം, വയസ്സ്-22 എന്നിവരെ യാണ് 1600 ഗ്രാം കഞ്ചാവുമായി പൂജപ്പുര പോലീസ് അറസ്റ്റ് ചെയ്തത്. പൂജപ്പുര എസ് എച്ച് ഓ യ്ക്ക് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് പൂജപ്പുര പോലീസ് സ്റ്റേഷൻ എസ് എച്ച് ഓ വിൻസെൻറ് എം. എസ് ദാസ്, സബ് ഇൻസ്പെക്ടർ റിയാസ്ഖാൻ , എ.എസ്.ഐ രാജ് കിഷോർ, സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ ടി.കെ രാജശേഖരൻ, ഹരികുമാർ എന്നിവർ ചേർന്ന് പ്രതികളെ അറസ്റ്റുചെയ്തു. ടിയാൻമാർക്ക് കഞ്ചാവ് ആന്ധ്രാപ്രദേശിലെ രാജമുന്ദ്രിയിൽ നിന്നും വിൽപ്പനക്കായി എത്തിച്ചതാണെന്നും ഇതിൻറ പിന്നിൽ അന്യസംസ്ഥാന ബന്ധമുള്ളതായും കൂടുതൽ പ്രതികൾക്കായി അന്വേഷണം ഊർജ്ജിതമാക്കിയാതായും പൂജപ്പുര പോലീസ് അറിയിച്ചു. പ്രതികളെ കസ്റ്റഡിയിൽ വാങ്ങി ഗഞ്ചാവിന്റെ ഉറവിടത്തെക്കുറിച്ചും ഇവരിൽ നിന്ന് ഗഞ്ചാവ് വാങ്ങി ഉപയോഗിക്കുന്ന ആളുകളെക്കുറിച്ചും വിശദമായ അന്വേഷണം നടത്തുന്നതാണെന്ന് പൂജപ്പുര എസ് എച്ച് ഓ അറിയിച്ചു. അറസ്റ്റുചെയ്ത പ്രതികളെ കോടതി റിമാൻറ് ചെയ്തു.




പൂജപ്പുര പോലീസ് അറസ്റ്റ് ചെയ്ത
കൃഷ്ണകാന്ത് (22), ശ്രീറാം(22)

**പൗഡിക്കോണം, തുരുത്താമൂല, വഞ്ചിയൂർ, വാർഡുകളിലെ പുതിയ മൈക്രോ കണ്ടയിൻമെന്റ് സോണുകളായ പ്രദേശങ്ങൾ അടച്ചു.**

നഗരത്തിൽ പുതുതായി മൈക്രോ കണ്ടയിൻമെന്റ് സോണുകളായി പ്രഖ്യാപിച്ച പൗഡിക്കോണം, തുരുത്താമൂല വാർഡിലെ വെട്ടിക്കോണം, വഞ്ചിയൂർ വാർഡിലെ ചെറുകുളം കോളനി പ്രദേശം എന്നിവിടങ്ങളിലേക്ക് കടന്നുവരുന്ന റോഡുകൾ അടച്ച് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. ഇവിടേയ്ക്ക് ആരെയും പ്രവേശിക്കാൻ അനുവദിക്കില്ല. മെഡിക്കൽ ആവശ്യങ്ങൾക്ക് അല്ലാതെ ആരെയും പുറത്തേക്ക് വിടുന്നതുമല്ല. മെഡിക്കൽ സ്റ്റോറുകൾ ഈ സോണിൽ തുറന്നു പ്രവർത്തിക്കാം. അതുപോലെ പലചരക്ക്, പഴം-പച്ചക്കറി കടകൾ നിശ്ചിതസമയക്രമവും കർശന സുരക്ഷാമാനദണ്ഡങ്ങളും പാലിച്ച് പ്രവർത്തിക്കാവുന്നതാണ്. ഇവിടങ്ങളിൽ യാതൊരുവിധ ഹോം-ഡെലിവറിയും അനുവദിക്കുന്നതല്ല. അത്യാവശ്യ മെഡിക്കൽ സേവനങ്ങൾക്കായി മാത്രമേ പുറത്തു പോകുന്നതിനും അകത്തേക്ക് വരുന്നതിനും അനുവദിക്കുകയുള്ളൂ.

**കോവിഡ് സുരക്ഷ- കേസ് വിവരം**

തിരുവനന്തപുരം നഗരത്തിൽ പോലീസ് നടത്തിയ പരിശോധനയിൽ ഇന്നലെ (26-09-2020) രോഗ വ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 28 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരം കേസെടുത്തു. മാസ്ക് ധരിക്കാത്തതിന് 146 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 4 പേരിൽ നിന്നുമായി 30,000/- രൂപ പിഴ ഈടാക്കി. സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ യാത്ര നടത്തിയ 3 വാഹനങ്ങൾക്കെതിരെയും മാനദണ്ഡങ്ങൾ പാലിക്കാത്ത 4 കടകൾക്കെതിരെയും ഇന്നലെ നിയമ നടപടി സ്വീകരിച്ചു.

കോവിഡ് സമ്പർക്ക വ്യാപനം ദിനംപ്രതി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ തലസ്ഥാനത്തെ കണ്ടയിൻമെന്റ് സോണുകളിൽ അതിർത്തികൾ അടച്ചുകൊണ്ടുള്ള പോലീസ് നിരീക്ഷണവും പരിശോധനയും രാത്രിയും പകലും ശക്തമായി തുടരും. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി പോലീസ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളോട് പൊതുജനങ്ങൾ പൂർണ്ണമായും സഹകരിക്കണം. രോഗവ്യാപനം തടയുന്നതിനായി ജാഗ്രതാ നിർദേശങ്ങൾ എല്ലാപേരും പാലിക്കണമെന്നും, വിലക്ക് ലംഘനം നടത്തുന്നവർക്കെതിരെ വിട്ടുവീഴ്ചയില്ലാതെ നിയമ നടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

തിരുവനന്തപുരം സിറ്റി

26-09-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

26/09/2020.

OFFICE OF THE COMMISSIONER OF POLICE
Government of Kerala
THIRUVANANTHAPURAM CITY

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി